# ജിഹാദിന്റെ ധാർമികത – 2

*(സ്വന്തം ഗവേഷണത്തെയും ജിഹാദ് സംബന്ധിച്ച് വ്യത്യസ്ത വാക്യങ്ങളെയും പണ്ഡിതരുടെ വീക്ഷണങ്ങളെയും അപഗ്രഥിച്ച് ഡോ. യൂസുഫുൽ ഖറദാവി എത്തിച്ചേർന്ന അഞ്ച് നിഗമനങ്ങൾ കഴിഞ്ഞ ലക്കത്തിൽ വിവരിച്ചു. ബാക്കി വായിക്കുക)*

**ലേഖനം ●**

**റാശിദുൽ ഗനൂശി**

**6.** മുസ്‌ലിംകളും മറ്റുള്ളവരും തമ്മിലുള്ള സ്വാഭാവിക ബന്ധം സമാധാനത്തിന്റെയും സഹകരണത്തിന്റെയും നന്മയുടെയുമാണ്. യുദ്ധത്തെ ഇസ്‌ലാം വെറുക്കുന്നു. നിർബന്ധിതാവസ്ഥയിൽ വൈമുഖ്യത്തോടെ മാത്രം അതനുവദിക്കുന്നു: "നിങ്ങൾക്ക് അനിഷ്ടകരമാണെങ്കിലും യുദ്ധം കൽപിക്കപ്പെട്ടിരിക്കുന്നു" (*അൽബഖറ* 216). ശാന്തി ഇസ്‌ലാമിന്റെ അടിസ്ഥാന ഭാവമാണ്. മുസ്‌ലിംകളുടെ അഭിവാദ്യം അതാണ്. ദൈവത്തിന്റെ നാമങ്ങളിൽ ഒന്നാണത്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും മോശം പേര് 'ഹർബ്' (യുദ്ധം) ആണ്. യോദ്ധാക്കളായിരുന്ന പ്രാചീന അറബികൾക്ക് പ്രിയപ്പെട്ട പേരായിരുന്നു അത്. മുഹമ്മദ് നബിയുടെ മകൾ ഫാത്വിമ പ്രസവിച്ചുവെന്നും കുട്ടിക്ക് ഹർബ് എന്ന് പേരിട്ടുവെന്നും ജാമാതാവ് അറിയിച്ചപ്പോൾ അദ്ദേഹം പേരുമാറ്റാൻ പറഞ്ഞു: ഹസൻ (നന്മ) എന്ന പേരു മതി.

7. അതിക്രമം വിലക്കുകയും രാജ്യാന്തര സമാധാനം വളർത്തുകയും ചെയ്യാൻ പോന്ന അന്താരാഷ്ട്ര ധാരണകളെ ഇസ്‌ലാം സ്വാഗതം ചെയ്യുന്നു. യു.എൻ, യുനസ്കോ തുടങ്ങിയവ നല്ലതാണ്. എന്നാൽ പാശ്ചാത്യലോകം ഇതര രാഷ്ട്രങ്ങളുമായുള്ള ബന്ധത്തിന് ആധാരമാക്കുന്നത് അധികാരമാണ്. യു.എന്നിലെ വീറ്റോ ഉദാഹരണം.

8. മനുഷ്യാവകാശങ്ങളും സ്ഥാപനങ്ങൾ ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യവും ന്യൂനപക്ഷ സുരക്ഷയും അംഗീകരിക്കുന്ന അന്താരാഷ്ട്ര സാഹചര്യത്തിൽ *ജിഹാദുത്തലബി*ന്റെ പ്രധാനപ്പെട്ട ന്യായം ഇല്ലാതായിരിക്കുന്നു. സർവേശ്വരനിൽ വിശ്വസിച്ചതിന് ഇസ്രായേല്യരെ ശാസിച്ച ഫറോവയെപ്പറ്റി ഖുർആൻ പറയുന്നു: ഫറോവ ചോദിച്ചു: ഞാൻ അനുമതി നൽകും മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ? (*ത്വാഹ* 71). ഈ അവസ്ഥയിൽനിന്ന് ഭിന്നമാണ് ഇന്നത്തെ അവസ്ഥ. ഇസ്‌ലാമിന്റെ മുൻകാല ചരിത്രത്തിൽ മറ്റൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം പള്ളികളും മുസ്‌ലിം ന്യൂനപക്ഷങ്ങളും മിക്കയിടങ്ങളിലുമുണ്ട്. ഇപ്പോൾ നമുക്ക് കൂടുതൽ ആവശ്യം കഴിവുറ്റ പ്രബോധകരുടെ വൻ സന്നാഹമാണ്. മാധ്യമ വിദഗ്ധരുടെയും. നിർഭാഗ്യവശാൽ ഇത്തരമാളുകൾ നമുക്ക് ആവശ്യത്തിന്റെ ആയിരത്തിലൊന്നു പോലുമില്ല." അല്ലാഹുവിന് വേണ്ടി മരിക്കാൻ തയാറുള്ള എത്രയോ പേരുണ്ട്; എന്നാൽ അല്ലാഹുവിനു വേണ്ടി ജീവിക്കാൻ തയാറുള്ളവർ വളരെ കുറച്ചു മാത്രമേയുള്ളൂ എന്ന് ഖറദാവി പരാതിപ്പെടുന്നു.

9. ഇസ്‌ലാമിന്റെ പ്രമാണങ്ങളിൽ കാണുന്നത്, ലോകം മൂന്നു മണ്ഡലങ്ങളാണ് എന്നാകുന്നു: ഒന്ന്, ദാറുൽ ഇസ്‌ലാം അഥവാ ഇസ്‌ലാമിന്റെ ഗേഹം – ഇതിൽ ഇസ്‌ലാമിന്റെ നിയമങ്ങളാണ് നടപ്പുള്ളത്: ഇവിടെ അതിന്റെ അനുയായികളും പ്രബോധകരും സുരക്ഷിതരാണ്. രണ്ട്, ദാറുൽ അഹ്ദ് അഥവാ ധാരണയുടെ ഗേഹം – ഈ ഗണത്തിൽ പെടുന്ന രാജ്യങ്ങളും മുസ്‌ലിം രാഷ്ട്രവും തമ്മിൽ നല്ല പരസ്പര ധാരണയും ശത്രുതക്ക് വിലക്കുമുണ്ട്. അവസാനത്തേത് ദാറുൽ ഹർബ് അഥവാ

യുദ്ധത്തിന്റെ ഗേഹം. ഐക്യരാഷ്ട്രസഭ എന്ന സംവിധാനത്തിന്റെ ഭാഗമെന്ന നിലക്ക് മുസ്‌ലിംക ളെല്ലാം ഇതര രാഷ്ട്രങ്ങളുമായി ധാരണയിലാണെന്നു തന്നെ ഖറദാവി കണക്കാക്കുന്നു – ഫല സ്ത്വീനെ കൈയടക്കി വെക്കുകയും അവിടത്തുകാരെ കുടിയൊഴിപ്പിക്കുകയും ചെയ്ത സയണിസ്റ്റ് രാഷ്ട്രം മാത്രമാണ് ഈ ധാരണയിൽ പെടാതെ നിൽക്കുന്നത്. പടിഞ്ഞാറൻ രാജ്യങ്ങളുമായുള്ള ഇസ്‌ലാമിന്റെ ബന്ധത്തിലെ ഏറ്റവും വലിയ പ്രശ്നം ഇസ്രയേലിന് പാശ്ചാത്യരാജ്യങ്ങൾ നൽകുന്ന നിരന്തരവും നിസ്സീമവുമായ പിന്തുണയും ഫലസ്ത്വീനും അന്നാട്ടുകാർക്കും നേരെ ഇസ്രയേൽ നട ത്തുന്ന തുടർച്ചയായ അതിക്രമവുമാണ് എന്ന് ഖറദാവി പറയുന്നത് ഈ വസ്തുതയുടെ അടിസ്ഥാ നത്തിലാണ്.

10. ജിഹാദും 'ഇർഹാബും' (ഭീകരത) ഖറദാവി വേറിട്ടു കാണുന്നു. അഥവാ ന്യായമായ ഇർഹാബും (ആക്രമിക്കപ്പെടാതിരിക്കാൻ പാകത്തിൽ ശത്രുവിൽ പേടിയുണ്ടാക്കുന്ന അവസ്ഥ) അന്യാ യമായ ഇർഹാബും (നിരപരാധികളെ ഭീതിയിലകപ്പെടുത്തി വിരട്ടുന്ന അവസ്ഥ) തമ്മിൽ വിവേചി ക്കുന്നു. ഇസ്‌ലാമിന്റെ പേരിൽ ചില ഗ്രൂപ്പുകൾ അന്യായമായ 'ഇർഹാബി'ൽ ഏർപ്പെടുന്നുണ്ട്. ജിഹാ ദിനെ അന്യായമായ രൂപത്തിൽ അനുചിത സഹാചര്യത്തിൽ പ്രയോഗിച്ച് ലോകത്തോടു മുഴുവൻ യുദ്ധം പ്രഖ്യാപിക്കുകയാണവർ. നിരപരാധികൾക്കു നേരെ (അക്കൂട്ടത്തിൽ മുസ്‌ലിംകളും അമു സ്‌ലിംകളുമുണ്ട്) ഭീകരത പ്രയോഗിക്കുന്നു. അങ്ങനെ മുസ്‌ലിം പ്രദേശങ്ങളിലും പുറത്തുമൊക്കെ രാഷ്ട്രീയ ലക്ഷ്യങ്ങളെന്ന് പറഞ്ഞ് പലതും നേടിയെടുക്കാൻ ശ്രമിക്കുന്നു. ഇസ്‌ലാമിലെ ജിഹാദിന്റെ തത്ത്വങ്ങളുടെയും ധാർമികതയുടെയും നഗ്നമായ ലംഘനമാണിത്. ഈ വാദത്തിന്റെ തുടർച്ചയായി ഖറദാവി, മുസ്‌ലിം – അമുസ്‌ലിം രാജ്യങ്ങളിൽ വിനോദസഞ്ചാരികളും അല്ലാത്തവരുമടങ്ങുന്ന നിര പരാധികൾക്കുനേരെ തീവ്രവാദി സംഘങ്ങൾ നടത്തിയ അക്രമങ്ങളെ അപലപിക്കുന്നു. ഇത്തരം ഗ്രൂപ്പുകളുടെ വിവേചന രഹിതമായ ചെയ്തികൾക്കോ നിരപരാധികളുടെ ജീവൻ കവരുന്നതിനോ യാതൊരു ന്യായീകരണവുമില്ലെന്ന് അദ്ദേഹം ഖണ്ഡിതമായി വ്യക്തമാക്കുന്നു.

11. ന്യായരഹിത അതിക്രമങ്ങൾ നടത്തുന്ന തീവ്രവാദി ഗ്രൂപ്പുകളെയും അധിനിവേശത്തെ ചെറുക്കുന്ന ഗ്രൂപ്പുകളെയും രണ്ടായിത്തന്നെ കാണാൻ ഖറദാവി ശ്രദ്ധിക്കുന്നുണ്ട്. ഒരു കൂട്ടർ ലോക ത്തോടു മുഴുവൻ യുദ്ധം പ്രഖ്യാപിക്കുന്നു; കണ്ണും പൂട്ടി കൊല നടത്തുന്നു; അങ്ങനെ ഇസ്‌ലാ മിന്റെ പ്രതിഛായക്ക് കളങ്കം വരുത്തുന്നു; ഇസ്‌ലാമിനെതിരെ പ്രയോഗിക്കാൻ അതിന്റെ ശത്രുക്കൾക്ക് മാരകമായ ആയുധം നൽകുന്നു. അതേസമയം ചെറുത്തുനിൽപ്പു ഗ്രൂപ്പുകളാവട്ടെ ന്യായമായ സമരം നടത്തുന്നവരാണ്. അവരെ പിന്തുണക്കേണ്ട ചുമതല മുസ്‌ലിം സമൂഹത്തിനുണ്ട്. ഈ ഗ്രൂപ്പുകൾ ഉന്നം വെക്കുന്നത് സൈന്യങ്ങളെ മാത്രമായിരിക്കുവോളം അവരെ പിന്താങ്ങേണ്ടതുണ്ട് – പ്രത്യേ കിച്ച് ഫലസ്ത്വീനിലെ ചെറുത്തുനിൽപ്പു പ്രസ്ഥാനങ്ങളുടെ രക്തസാക്ഷ്യ നടപടികളെ ന്യായീകരി ക്കാൻ ഖറദാവി മടിക്കുന്നില്ല – മറ്റൊരു വഴിയുമില്ലാത്തവർ, ശത്രുവിനു തുല്യമായ ആയുധങ്ങൾ ഇല്ലാതാക്കപ്പെട്ടവർ, വീടും നാടും സംരക്ഷിക്കാൻ കാണുന്ന ഏക ആയുധമാണ് ചാവേറെന്നു വിളി ക്കുന്ന രക്തസാക്ഷ്യ ഓപ്പറേഷൻ. ദുർബലർ തീർത്തും നിരായുധരായിരിക്കുന്ന അവസ്ഥ ദൈവിക നീതിക്ക് നിരക്കുന്നതല്ല. ശത്രുവിനെ തടുക്കാൻ അവരുടെ പക്കലുള്ള ആയുധമാണ് സ്വശരീരം. ഇവിടെ പോലും ജിഹാദിന്റെ സദാചാരം പാലിച്ചേ പറ്റൂ – യുദ്ധം ചെയ്യുന്നവരെ മാത്രമേ ഉന്നം വെക്കാവൂ.

12. ഇക്കാലത്ത് സമുദായത്തിനുമേൽ നിർബന്ധബാധ്യതയാകുന്ന ജിഹാദ് കൊളോണിയലി സത്തിൽനിന്നുള്ള മോചനമാണെന്ന് ഖറദാവി ഊന്നിപ്പറയുന്നു. ഫലസ്ത്വീനിൽ വിശേഷിച്ചും അത് ആവശ്യമാണ്. അതുകൊണ്ടുതന്നെ സയണിസ്റ്റുകളോടുള്ള എതിർപ്പിനു കാരണം അവർ സെമി റ്റിക് മതക്കാരാണ് എന്നതല്ല. "നമ്മളും സെമിറ്റിക് തന്നെയാണ്; അവരും നമ്മളും പ്രവാചകൻ അബ്രഹാമിന്റെ പരമ്പരക്കാരാണ്." സയണിസ്റ്റ് വിരോധം മതവൈരവുമല്ല. കാരണം മുസ്‌ലിംകൾ ജൂതന്മാരെ 'വേദക്കാരാ'യിട്ടാണ് കണക്കാക്കുന്നത്. സ്പെയിനും മറ്റ് യൂറോപ്യൻ രാജ്യങ്ങളും ജൂത ന്മാരെ ആട്ടിപ്പുറത്താക്കിയപ്പോൾ അവർക്ക് അഭയം കൊടുക്കാൻ തയാറായ ഒരേയൊരു സമൂഹം മുസ്‌ലിംകളാണ്. "അവർ നമ്മുടെ കൂട്ടത്തിൽ പൂർണ സുരക്ഷയോടെ കഴിയുന്നവരാണ്." സയണി സ്റ്റുകളുമായി ഒരു തർക്കഹേതുവേ ഉള്ളൂ; അവർ ഫലസ്ത്വീൻകാരുടെ ഭൂമി കൈയേറി സ്വന്തമാ ക്കി, നാട്ടുകാരെ കുടിയിറക്കി, അക്രമത്തിലൂടെ അവരുടെ അധികാരം അടിച്ചേൽപിച്ചു. കാരണം നിലനിൽക്കുവോളം സംഘർഷവും തുടരും. മുസ്‌ലിംകളുടെ ഭൂമി വിട്ടുകൊടുക്കാൻ ആർക്കുമാ

വില്ല – എന്നാൽ ഒരു നിശ്ചിതകാലത്തേക്ക് ഇസ്രയേലുമായി സംഘർഷവിരാമം സാധ്യമാണ്.

13. ശൈഖ് മുഹമ്മദ് അൽഗസ്സാലിയെപ്പോലെ ഖറദാവിയും മതതീവ്രവാദികളെ നേരിട്ടെതിർക്കുന്നു. ഇസ്‌ലാമിനെ അതിന്റെ മുഖ്യധാരയിൽനിന്ന് മാറ്റി അരികുകളിലേക്ക് ഒതുക്കാനുള്ള അവരുടെ ശ്രമങ്ങളെ ചെറുക്കുന്നു. അവരുടെ ചെയ്തികൾക്ക് 'ജിഹാദി'ന്റെ അടിസ്ഥാനത്തിൽ ഒരു ന്യായവുമില്ലെന്ന് അദ്ദേഹം സ്ഥാപിക്കുന്നു.

## ജിഹാദിന്റെ ധാർമികത

ഇസ്‌ലാമിൽ യുദ്ധത്തിന് ധാർമികതയുണ്ട്; രാഷ്ട്രീയവും സാമ്പത്തികവും ശാസ്ത്രവും കർമവും പോലെ, സദാചാര നിരപേക്ഷമായി ഒന്നും അതിലില്ല. പടിഞ്ഞാറൻ നാഗരികതയുടെ രീതിയിൽനിന്ന് വ്യത്യസ്തമാണിത്. മുസ്‌ലിംകൾക്കാവട്ടെ, യുദ്ധത്തിലും ധാർമിക സീമകൾ പാലിച്ചേ പറ്റൂ. ധാർമികത ഐഛികമല്ല നിർബന്ധമാണ്. ഇസ്‌ലാമിലെ നിർബന്ധ മര്യാദകളിൽ ചിലത്: 1) ശത്രുക്കൾക്കിടയിൽ നുഴഞ്ഞുകയറി അവരുടെ രഹസ്യങ്ങൾ ചോർത്താൻ ലൈംഗിക പ്രലോഭനം, മയക്കുമരുന്ന്, മദ്യം തുടങ്ങിയ അധാർമിക ഉപാധികൾ സ്വീകരിച്ചു കൂടാ. 2) അതിക്രമം പാടില്ല. 'നിങ്ങളോടു യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുവിൻ. എന്നാൽ അതിക്രമം അരുത്. അതിക്രമികളെ അല്ലാഹുവിന് ഇഷ്ടമല്ല' (*അൽബഖറ* 190). ഇതിൽ സൂചിപ്പിച്ച അതിക്രമം എന്തെന്ന് ഖറദാവി വ്യാഖ്യാനിക്കുന്നു; സൈനികരല്ലാത്തവരെ– സ്ത്രീകളെ, കുട്ടികളെ, വൃദ്ധരെ, സാധാരണക്കാരെ, കർഷകരെ – കൊല്ലുന്നത് അതിക്രമമാകും. ശത്രുവിന്റെ ശരീരം വെട്ടി മുറിക്കുന്നതും അതിൽപ്പെടും 3) കരാറുകൾ പാലിക്കണം; വഞ്ചനയും ചതിയും പാടില്ല 4) മരങ്ങൾ നശിപ്പിക്കരുത്; കെട്ടിടങ്ങൾ തകർക്കരുത്. 5) കൂട്ടനശീകരണായുധങ്ങൾ– രാസ, ജൈവ, ആണവ ആയുധങ്ങൾ– നിഷിദ്ധമാണ്; കാരണം യുദ്ധത്തിലേർപ്പെടാത്തവരിൽ ഒരാളെപ്പോലും കൊല്ലുന്നത് തെറ്റാണ്. 6) തടവിലുള്ളവരോട് കരുണയോടെ പെരുമാറാൻ ഇസ്‌ലാം കൽപിക്കുന്നു. തടവുകാരെപ്പറ്റി പല നിർദേശങ്ങളുമുണ്ടെങ്കിലും അവയിൽ അന്തിമവിധിയായി ഖറദാവി ഗണിക്കുന്നത് സൂറ *മുഹമ്മദി*ലെ ഈ വാക്യമാണ്: 'ഒന്നുകിൽ അവരെ ഔദാര്യമെന്ന നിലക്ക് സ്വതന്ത്രരാക്കുക; അല്ലെങ്കിൽ പിഴ ഈടാക്കുക' (47:4). ഈ പറഞ്ഞതിലെ സൗമനസ്യം യുദ്ധക്കുറ്റവാളികളോടു വേണ്ടതില്ല. തടവുകാരുടെ കാര്യത്തിൽ ജനീവാ കരാറിനോട് യോജിപ്പാണ് ഖറദാവിക്കുള്ളത്.

ജിഹാദിനെക്കുറിച്ച ഖറദാവിയുടെ പഠനം ആധികാരികമാണ്. ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഈ ആശയത്തെ ഇസ്‌ലാമിന്റെ നിതാന്ത പ്രതിരോധ സംവിധാനമായാണ് അദ്ദേഹം പരിചയപ്പെടുത്തുന്നത്. ഇതിനെ തീവ്രവാദികളിൽനിന്ന് വീണ്ടെടുത്ത്, മിതവാദത്തിൽ പ്രതിഷ്ഠിക്കുന്നു അദ്ദേഹം. ഇസ്‌ലാമിനെതിരായ കുപ്രചാരണങ്ങളെയും തീവ്രവാദങ്ങളെയും ഖറദാവി ധീരമായി എതിർക്കുന്നു. ഈ വ്യാഖ്യാനം വഴി അദ്ദേഹം സംവാദത്തിന്റെയും സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റേതുമായ വിശാലമായ ഇടം ഇസ്‌ലാമിനും ഇതര മതങ്ങൾക്കുമിടയിൽ സൃഷ്ടിച്ചെടുത്തിരിക്കുന്നു. മാനുഷിക മൂല്യങ്ങളും അന്താരാഷ്ട്ര ധാരണകളും പ്രസക്തമാകുന്ന ഇടം. ഖുർആൻ പറയുന്നുണ്ടല്ലോ – "മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചത്. പിന്നെ നിങ്ങളെ സമുദായങ്ങളും ഗോത്രങ്ങളുമാക്കി – പരസ്പരം തിരിച്ചറിയേണ്ടതിന്. അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും ഔന്നത്യമുള്ളവൻ ഏറ്റവും നല്ല സദ്‌വൃത്തനാകുന്നു. നിശ്ചയം, അല്ലാഹു എല്ലാം അറിയുന്നവനും തികഞ്ഞ ബോധമുള്ളവനുമാണ്" (49:13) ■

(അവസാനിച്ചു.
സംഗ്രഹവിവർത്തനം:
**പ്രഫ. കെ. യാസീൻ അശ്‌റഫ്**)